അന്തിക്കാട് പോലീസ് സ്റ്റേഷനിലെ ഒഴിവുകൾ

119 (2019) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് പോലീസ് സ്റ്റേഷനിലെ അംഗീകൃത തസ്തികകൾ ഏതെല്ലാമാണ്;

(ബി) നിലവിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുണ്ട്?

(എ&ബി) തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് പോലീസ് സ്റ്റേഷനിൽ അനുവദിക്കപ്പെട്ട തസ്തികകളുടെ വിവരവും, ഒഴിവുകളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.*

(സി) അന്തിക്കാട് പോലീസ് സ്റ്റേഷനിലെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി എടുക്കുമോ; വിശദാംശങ്ങൾ നൽകാമോ?

നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവയ്ക്കെതിരെയുള്ള വിജിലൻസ് പരാതികൾ

120 (2020) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവയിലെ ഉദ്യോഗസ്ഥർക്കെതിരെ 2020 ജനുവരി മുതൽ 2021 സെപ്റ്റംബർ വരെ സംസ്ഥാന വിജിലൻസ് ഡയറക്ടർ/വിജിലൻസ് വിഭാഗത്തിനെതു പരാതികൾ ലഭിച്ചിട്ടുണ്ട്; ഏതെല്ലാം തരത്തിലുള്ള കുറ്റകൃത്യങ്ങളാണ് പ്രസ്തുത പരാതികളിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത്; വെളിപ്പെടുത്തുമോ?

31 പരാതികൾ ലഭിച്ചിട്ടുണ്ട്. അഴിമതി, അധികാര ദുർവിനിയോഗം, അനധികൃത നിയമനം, അനധികൃത സാമ്പത്തിക ഇടപാടുകൾ, വായ്പാ തിരിമറി തുടങ്ങിയ തരത്തിലുള്ള കുറ്റകൃത്യങ്ങളാണ് പ്രസ്തുത പരാതികളിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത്.

(ബി) പ്രസ്തുത പരാതികളിൽ എഫ്.ഐ.ആർ. ഇട്ടിട്ടുള്ളവ, തുടർ അന്വേഷണത്തിന് അനുമതി നൽകിയിട്ടുള്ളവ, പ്രാഥമിക അന്വേഷണം നിലവിൽ നടക്കുന്നവ എന്നിവയുടെ എണ്ണം എത്ര; വിശദാംശം നൽകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

24 പരാതികൾ പരിശോധന പൂർത്തിയായിട്ടുള്ളതും അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരാത്തതിനാൽ തുടർനടപടികൾക്കായി ബന്ധപ്പെട്ട ഭരണവകുപ്പുകളിലേയ്ക്ക് അയയ്ക്കുന്നതിന് സർക്കാരിലേയ്ക്ക് കൈമാറുകയാണ് ചെയ്തത്. 7 പരാതികൾ വിവിധ യൂണിറ്റുകളിൽ പ്രാഥമിക പരിശോധന നടത്തിവരുന്നു.

കോടതി കെട്ടിടങ്ങളുടെ നിർമ്മാണം

121 (2021) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷക്കാലയളവിനുള്ളിൽ എത്ര കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

കഴിഞ്ഞ 5 വർഷക്കാലയളവിനുള്ളിൽ 16 കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്ക് അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) നിലവിൽ ഏതൊക്കെ കോടതി കെട്ടിടങ്ങളുടെ നിർമാണത്തിനാണ് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നിലവിൽ ചുവടെ ചേർക്കുന്ന കോടതി കെട്ടിടങ്ങൾക്ക് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

1) തിരുവല്ല കോർട്ട് കോംപ്ലക്സ് ഫേസ് -2 (2,500 ലക്ഷം)
2) മാവേലിക്കര കോർട്ട് കോംപ്ലക്സ് (1,299.99 ലക്ഷം)
3) ഏറ്റുമാനൂർ കോർട്ട് കോംപ്ലക്സ് (1,100 ലക്ഷം)
4) കാഞ്ഞിരപ്പള്ളി കോർട്ട് കോംപ്ലക്സ് ഫേസ് 2 (425 ലക്ഷം)
5) അങ്കമാലി കോർട്ട് കോംപ്ലക്സ് (2,380.6 ലക്ഷം)
6) ചാവക്കാട് കോർട്ട് കോംപ്ലക്സ് (3,710 ലക്ഷം).

ഫയർ ഫൈറ്റിംഗ് ഉപകരണങ്ങൾ

122 (2022) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ ഫയർ ഫൈറ്റിംഗ് ആവശ്യത്തിന് ഏതെല്ലാം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്; ഓരോന്നിന്റെയും വിലയും ബ്രാൻഡ് നെയിമും സഹിതമുള്ള വിശദാംശം വർഷം തിരിച്ച് നൽകുമോ?

വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly